# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്
## (സാന്നിദ്ധ്യം:ഡി.സന്തോഷ്കുമാർ)

വിഷയം: പൊ.വി-ജീവനക്കാര്യം-പഞ്ചായത്ത് ഹൈസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നത് - സംബന്ധിച്ച് -ശ്രീ.എൻ.കെ ജയപ്രസാദ്, ഹെഡ്മാസ്റ്റർ (റിട്ട) പി.ജി.എം.ജി.എച്ച്.എസ്.എസ്, ചെറുവഞ്ചേരി

വായന:
1) ജി.ഒ (ആർ.റ്റി) 955/2017/പൊ.വി.വ, തീയതി 01.04.2017
2) 28.07.2017 ലെ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഇ1/3972/2017 നമ്പർ കത്ത്.
3) ജി.ഒ (എം.എസ്) 02/2010/പൊ.വി.വ, തീയതി 02.01.2010
4) ജി.ഒ (എം.എസ്) 20/2010/പൊ.വി.വ തീയതി 20.01.2012
5) ജി.ഒ (എം.എസ്) 132/2014/പൊ.വി.വ, തീയതി 17.07.2014
6) ഈ ഓഫീസിലെ 04.07.2017 ലെ എസ്.വൈ 1/6080/12/ഡി.പി.ഐ ഉത്തരവ്
7) ഈ ഓഫീസിലെ 16.10.2012 ലെ ഡി5/69087/2012/ഡി.പി.ഐ നമ്പർ നടപടി ഉത്തരവ്

## ഉത്തരവ് നമ്പർ ഡി2/58776/2017/ഡി.പി.ഐ/അ.തീ, തീയതി /09/2017

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകൾ വായന (3) പ്രകാരം സർക്കാർ ഏറ്റെടുത്തിരിക്കുന്നു. ആയതിൻ പ്രകാരം ഒരു ജില്ലയിൽ സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിൽ നിയമിച്ച ജീവനക്കാരുടെ പ്രത്യേക സീനിയോറിറ്റിയും പി.എസ്.സി മുഖേന നിയമനം ലഭിച്ചവരുടെ സീനിയോറിറ്റിയും പ്രത്യേകം തയ്യാറാക്കേണ്ടതും, അതാത് ജില്ലയിലെ പഞ്ചായത്ത് സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് സ്ഥലംമാറ്റം/സ്ഥാനക്കയറ്റം എന്നിവ പഞ്ചായത്ത് നിയമിച്ച ജീവനക്കാരുടെ സീനിയോറിറ്റിയിൽ നിന്നും നിയമിക്കേണ്ടതാണെന്നും വായന (4) (5) പ്രകാരം സർക്കാർ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സർക്കാർ നിർദ്ദശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ നിയമിച്ച ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ കോമൺ പൂൾ സീനിയോറിറ്റി ലിസ്റ്റ് വായന (6) പ്രകാരം അന്തിമമായി പുറപ്പെടുവിച്ചിരുന്നു.

വായന (6) പ്രകാരമുള്ള കോമൺ പൂൾ സീനിയോറിറ്റി ലിസ്റ്റിൽ 12-ാം മതായി ഉൾപ്പെട്ട ശ്രീ. എൻ.കെ ജയപ്രസാദിനെ കാഞ്ഞിരംകുളം പഞ്ചായത്ത് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി വായന (7) പ്രകാരം സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. വായന (4) (5) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ സ്ഥാനക്കയറ്റം, സീനിയോറിറ്റി, ട്രാൻസ്ഫർ എന്നിവ സംബന്ധിച്ചു മാത്രമേ വ്യവസ്ഥ ചെയ്തിരുന്നുള്ളു. ടി ജീവനക്കാരുടെ ഗ്രേഡ്, പ്രൊബേഷൻ,

ഇൻക്രിമെന്റ് എന്നിവ സംബന്ധിച്ച് യാതൊന്നും പ്രതിപാദിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ ബഹു. സർക്കാരിൽ നിന്നും സ്പഷ്ടീകരണമോ, ഉത്തരവോ ലഭിക്കാതിരുന്ന സാഹചര്യത്തിൽ കാഞ്ഞിരംകുളം പഞ്ചായത്ത് ഹൈസ്കൂൾ, പി.ജി.എം.ജി.എച്ച്.എസ് ചെറുവഞ്ചേരി എന്നീ സ്കൂളുകളിലെ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ.എൻ.കെ ജയപ്രസാദിന്റെ നിരീക്ഷണകാലം പ്രഖ്യാപിച്ച് ഈ ഓഫീസിൽ നിന്നും ഉത്തരവ് നൽകിയിരുന്നില്ല.

വായന (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ നിയമനാധികാരിയായ പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാർ ടി വിഷയത്തിൽ പുറപ്പെടുവിക്കുന്ന അന്തിമ ഉത്തരവിന് വിധേയമായി എയിഡഡ് സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്ന ചട്ടങ്ങൾ പ്രകാരം നിരീക്ഷണകാലം പ്രഖ്യാപിച്ചു നൽകുവാൻ നിർദ്ദേശം നൽകിയിരുന്നു.

ഈ സാഹചര്യത്തിൽ കാഞ്ഞിരംകുളം പഞ്ചായത്ത് ഹൈസ്കൂൾ, പി.ജി.എം.ജി.എച്ച്.എസ് ചെറുവഞ്ചേരി എന്നീ സ്കൂളുകളിലെ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ.എൻ.കെ ജയപ്രസാദിന്റെ ഹെഡ്മാസ്റ്റർ തസ്തികയിലുള്ള നിരീക്ഷണകാലം 20.10.2013 പൂർവ്വാഹ്നത്തിൽ തൃപ്തികരമായി പ്രഖ്യാപിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ആയത്, പഞ്ചായത്ത് ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്ന വിഷയത്തിൽ സർക്കാർ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ പുനഃപരിശോധനക്ക് വിധേയമാക്കുന്നതാണ്.

ഒപ്പ്/-
**ഡി.സന്തോഷ്കുമാർ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

//അംഗീകാരത്തോടെ//

സൂപ്രണ്ട്

സ്വീകർത്താവ്

വിദ്യാഭ്യാസ ഉപഡയറക്ടർ
കണ്ണൂർ
(ശ്രീ.എൻ.കെ ജയപ്രസാദിന്റെ സേവന പുസ്തകം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സേവന പുസ്തകം കൈപ്പറ്റിയതിന്റെ രസീത് അയച്ചുതരേണ്ടതാണ്.)

പകർപ്പ്

1) ശ്രീ.എൻ.കെ ജയപ്രസാദ്
ഹെഡ്മാസ്റ്റർ (റിട്ട)
പി.ജി.എം.ജി.എച്ച്.എസ്.എസ്, ചെറുവഞ്ചേരി, കണ്ണൂർ

2) കരുതൽ ഫയൽ